724

**ഭരണഭാഷ-മാതൃഭാഷ**


**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

**പിൻ കോഡ്- 673032**

**GSTIN:32AALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com**


നമ്പർ: 2707550-2024 തീയതി : 18-12-2024

തദ്ദേശസ്വയംഭരണ വകുപ്പ് അദാലത്തില് ശ്രീ എം മോഹൻദാസ് എന്നവർ DOCKET NO CRKZDC0171000724 ആയി സമർപ്പിച്ച പരാതിയുടെ റിപ്പോർട്ട്

നഗരസഭയിലെ 71/2343 നമ്പർ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി വളരെ കൂടുതലാണെന്നും ആയത് കുറച്ചു നല്കണമെന്നും കാണിച്ചു നല്കിയിട്ടുള്ള അപേക്ഷയാണ്. അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഈസ്റ്റ്ഹിൽ ഹൌസിംഗ് കോളനിയിലെ K S H B വക ഫ്ലാറ്റുകളില് ഉൾപ്പെട്ടിട്ടുള്ള 71/2343 നമ്പർ കെട്ടിടത്തിന് 1998-99 ഒന്നാം അർദ്ധവർഷം മുതൽ നികുതി ചുമത്തിയിട്ടുള്ള കെട്ടിടമായിരുന്നു. ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 83 ച മീ ആണെന്ന് കാണുന്നുണ്ട്. 71/2343 നമ്പർ കെട്ടിടത്തിന് 2084 രൂപ അർദ്ധവാർഷിക നികുതി ചുമത്തിയിരുന്നു. വാർഷിക വാടക നിരക്കിന്റെ അടിസ്ഥാനത്തിലാണ് 1998-99 വർഷത്തില് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. കെട്ടിടത്തിന്റെ ജമ 2008-09 വർഷത്തിലാണ് അപേക്ഷകനായ ശ്രീ മോഹൻദാസ് എന്നവരുടെ പേരിലേക്ക് മാറിയിട്ടുള്ളത്. 2084 രൂപ അർദ്ധവാർഷിക നികുതി ചുമത്തിയതിനെതിരെ അപേക്ഷകൻ അപ്പീൽ കമ്മിറ്റി മുമ്പാകെ അപേക്ഷ നല്കിയതു പ്രകാരം അർദ്ധവാർഷിക നികുതി 1771 രൂപയായി കുറച്ച് നല്കിയിട്ടുണ്ട്. ഇതേ ഫ്ലാറ്റുകളില് ഉൾപ്പെട്ട 71/2342, 71/2341, 71/2340 എന്നീ ഫ്ലാറ്റുകൾക്ക് 164 രൂപ യും 71/2337 , 71/2338, 71/2339 എന്നീ ഫ്ലാറ്റുകൾക്ക്

2084/ രൂപയും അർദ്ധവാർഷിക നികുതി ചുമത്തിയിട്ടുണ്ട്. ഈ കെട്ടിടത്തില് അപേക്ഷകനും കുടുംബവും സ്ഥിരതാമസമാണെന്ന വിവരം അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു.

സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

Signature Not Verified
Digitally signed by BINI K U
Date: 2024.12.18 14:42:37 IST
Reason: KSMART